ഹാബിറ്റാറ്റ് സെന്ററിന് ഹഡ്കോയുടെ സഹായം

48 (2806) ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന ഹാബിറ്റാറ്റ് സെന്ററിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയാണെന്ന് പറയാമോ ;

(സി) ഈ ഹാബിറ്റാറ്റ് സെന്ററിന് ഹഡ്കോയിൽ നിന്ന് എന്ത് സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) പ്രസ്തുത ഹാബിറ്റാറ്റ് സെന്ററിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറായിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത പ്ലാൻ തയ്യാറാക്കിയത് ആരാണ് ;

(എഫ്) ഇതിനായി ആകെ എന്ത് ചെലവ് വരുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം പേരൂർക്കട വില്ലേജിൽ കവടിയാർ കൊട്ടാരത്തിന് സമീപമുള്ള സർക്കാർ വക 3.50 ഏക്കർ ഭൂമിയിലാണ് ഹാബിറ്റാറ്റ് സെന്റർ പണിയാനുദ്ദേശിക്കുന്നത്.

(സി) പദ്ധതിക്കാവശ്യമായ മുഴുവൻ സാമ്പത്തിക സഹായവും ഹഡ്കോയിൽ നിന്നും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഇല്ല.

(ഇ) 'ഡി'-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(എഫ്) പ്ലാനുകളും എസ്റ്റിമേറ്റും തയ്യാറാക്കിയതിനുശേഷം മാത്രമേ ഇതിന്റെ ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

ഹൗസിംഗ് ബോർഡിന്റെ വിവിധ പദ്ധതികൾ

49 (2807) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീമതി മേഴ്സി രവി :
ശ്രീ. ഡി. സുഗതൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ബോർഡിന്റെ വിവിധ പദ്ധതി പ്രകാരം ഹൗസിംഗ് ലോൺ അനുവദിച്ച എത്ര പേർക്ക് ഗഡു മുടക്കം വരുത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗഡുക്കൾക്ക് മുടക്കം ഉണ്ടാകുവാനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത ഗഡുക്കൾ കൊടുത്തുതീർക്കുവാൻ എത്ര തുക വേണ്ടി വരും ;

(ഡി) മുടക്കം വന്ന ഗഡുക്കൾ ഒന്നിച്ചു കൊടുക്കാൻ കഴിയുമോ ;

(ഇ) എങ്കിൽ അവ എന്നത്തേക്ക് കൊടുക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 31-5-2003-ലെ കണക്കുകളനുസരിച്ച് താഴെ പറയും പ്രകാരം വായ്പാ ഗഡുക്കൾ അനുവദിക്കുവാനുണ്ട്.

		1-ാം ഗഡു	2-ാം ഗഡു	3-ാം ഗഡു
1.	മൈത്രീ ഭവന പദ്ധതി	4,005	10,200	15,128
2.	എൽ.ഐ.ജി. ഭവന പദ്ധതി	267	99	34
3.	എം.ഐ.ജി. ഭവന പദ്ധതി	104	78	10
4.	എച്ച്.ഐ.ജി. ഭവന പദ്ധതി	3	—	—
	ആകെ	4,379	10,377	15,172

(ബി) ഹഡ്കോയിൽ നിന്നുള്ള വായ്പ മുടങ്ങിയതുമൂലമാണ് ഗഡുക്കൾക്ക് മുടക്കം ഉണ്ടായത്.

(സി) 41.83 കോടി രൂപ.

(ഡി) ഇല്ല.

(ഇ) കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അനുസരിച്ച് മാത്രമേ ഗഡുക്കൾ വിതരണം ചെയ്യാനാവൂ.

അദ്ധ്യാപകരുടെ കൈപുസ്തകവും പാഠപുസ്തകവും ലഭ്യമാക്കുന്നതിന് നടപടി

50 (2883) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യയന വർഷം ആരംഭിച്ച് ഒരു മാസം പിന്നിട്ടിട്ടും വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് സഹായകരമായ അദ്ധ്യാപകരുടെ കൈപുസ്തകം ആവശ്യത്തിന് ലഭ്യമല്ലാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly